**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3381** **01-03-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് വില്ലേജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ച സ്മാർട്ട് വില്ലേജുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2022-23 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതി പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിലെ മണ്ണഞ്ചേരി വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വില്ലേജുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതോടൊപ്പം മറ്റ് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് വിപുലീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.<br><br>ഇതു കൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും, കുടിവെള്ള സൗകര്യവും, ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചു വരുന്നത്. |
| (സി) | പുതുതായി അനുവദിച്ച സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് | (സി) | പുതുതായി അനുവദിച്ച മണ്ണഞ്ചേരി വില്ലേജ് ഓഫീസിന്റെ നിർമ്മാണ ചുമതല ജില്ലാ നിർമ്മിതി |

| | | | |
|---|---|---|---|
| | അറിയിക്കാമോ? | | കേന്ദ്രത്തിനാണ് നൽകിയിട്ടുള്ളത്. ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ